(ബി) ഇതിനാവശ്യമായ ഫണ്ടോ മറ്റ് നടപടികളോ അംഗീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലങ്കോട് മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള മലയടിവാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2010-11 ലെ ബഡ്ജറ്റിൽ സമയപരിധി കഴിഞ്ഞതിനാൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. 2010 നിരക്കു പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കാനും തുടർന്ന് 2011-12-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബാവിക്കര റെഗുലേറ്ററിന്റെ പണി പൂർത്തിയാക്കാൻ നടപടി

36 (2134) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ബാവിക്കര റഗുലേറ്ററിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പണി ആരംഭിക്കുന്നതിന്റെ കാലതാമസത്തിന്റെ കാരണം എന്താ യിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോഴത്തെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറി യിക്കുമോ ;

(ഡി) എന്നത്തേയ്ക്ക് പണി ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ബാവിക്കര റെഗുലേറ്ററിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക 786 ലക്ഷം രൂപയാണ്.

(ബി) ബാവിക്കര റെഗുലേറ്ററിന്റെ ബാക്കി ജോലികൾ 2009 നിരക്ക് പ്രകാരം ടെണ്ടർ ചെയ്തെങ്കിലും വളരെ കൂടിയ നിരക്കുകൾ ആവശ്യപ്പെട്ടത് കാരണം സർക്കാർ ഇതു നിരസിച്ചു. തുടർന്ന് 2010 നിരക്കു പ്രകാരം പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്.

(സി) പുതുക്കിയ നിരക്കിലുള്ള ടെണ്ടർ നടപടിയുടെ ഭാഗമായി പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇതു സ്വീകരിക്കുന്ന അവസാന തീയതി 5-1-2011 ആയി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ പണി തീർക്കുന്ന തിനുള്ള കാലാവധി 24 മാസമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഫെബ്രുവരി മാസത്തോടെ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly